# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7030** **02.11.11-ൽ മറുപടിക്ക്**

**കണ്ണൂർ ജില്ലയിലെ അപകടാവസ്ഥയിലുള്ള പാലങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയിൽ അപകടാവസ്ഥയിലുള്ള എത്ര പാലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; | (എ) | ദേശീയപാത 17-ൽ ഒരു പാലം - മൊയ്തു പാലം അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ റോഡ്സ് ഡിവിഷന്റെ കീഴിൽ മേജർ ഡിസിട്രിക്ട് റോഡുകളിൽ സ്ഥിതിചെയ്യുന്ന താഴെ പറയുന്ന പാലങ്ങൾ അപകടാവസ്ഥയിലായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br>1. രാമപുരം പാലം<br>2. തുണ്ടിയിൽ പാലം<br>3. എലിത്തോട് പാലം<br>4. കുയ്യാലി പാലം<br>5. ചേക്കുപാലം<br>6. മമ്പറം പാലം<br>7. വടവന്നൂർ പാലം<br>8. വണ്ണാത്തിക്കടവ് പാലം<br>9. കവ്വായി പാലം<br>10. ചാണോക്കുണ്ട് പാലം<br>11. കരുവഞ്ചാൽ പാലം<br>12. ആലക്കോട് പാലം<br>13. കല്ലേപ്പാലം.<br>കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള വളവുപാറ സംസ്ഥാന പാതയിൽ വരുന്ന 7 പാലങ്ങൾ അപകടാവസ്ഥയിലാണ്. ലോക ബാങ്ക് സഹായത്തോടെ കെ.എസ്.റ്റി.പി പുനരുദ്ധരിക്കാൻ തീരുമാനിച്ച പ്രസ്തുത റോഡിലെ പാലങ്ങളുടെ പുനർ നിർമ്മാണവും കെ.എസ്. റ്റി.പി രണ്ടാം ഘട്ടം പദ്ധതിയിൽ ഉണ്ട്. |
| (ബി) | ഇതിൽ എത്ര പാലങ്ങൾ പുതുതായി നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട് ; | (ബി) | രണ്ടു പാലങ്ങൾ<br>1. മമ്പറപാലം - (നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. ടെൻഡർ ചെയ്തിട്ടുണ്ട്).<br>2. കല്ലോലം- സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. ടെൻഡർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബാക്കിയുളളവയ്ക്ക് അനുമതി നല്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ബാക്കി പാലങ്ങളുടെയെല്ലാം പുതുക്കിയ നിരക്കിലുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി തയ്യാറാക്കി വരുന്നു. |
| (ഡി) | കല്ല്യശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ മൂലക്കീൽ-ക്കടവ് പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ; പാലം നിർമ്മാണം എന്ന് തുടങ്ങാനാകും ? | (ഡി) | മൂലക്കീൽ കടവ് പാലത്തിന്റെ നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 510 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ വിശദമായ ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തുക കൂടുകയും ആയതിന് 10.50 കോടിയുടെ പുതിയ ഭരണാനുമതിയ്ക്കുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ